II ഇ.ബി. XIII- കേരള നിയമസഭ/XI- 25

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂലൈ 15, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**83(*721)** ഒ.എം.ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, പി.എസ്.സി. നടത്തുന്ന ഒ.എം.ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം അത്യാധുനിക കമ്പ്യൂട്ടറുകളും സ്കാനറുകളും ഉപയോഗിച്ച് വേഗത്തിലും കുറ്റമറ്റ രീതിയിലുമാണ് നടത്തിവരുന്നതെന്നും ഉദ്യോഗാർത്ഥികൾക്ക് സംശയങ്ങൾക്ക് ഇടനൽകാത്ത വിധം ഫൈനൽ ആൻസർ കീ പ്രസിദ്ധപ്പെടുത്തിയശേഷമാണ് മൂല്യനിർണ്ണയം നടത്തുന്നതെന്നും സഭയെ അറിയിച്ചു. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ആ പരീക്ഷ തന്നെ റദ്ദ് ചെയ്യുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന് മേലധികാരികൾക്ക് സർക്കുലർ മുഖേന കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മാത്രമല്ല, നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ ഇതിനോടകം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റർവ്യൂ

ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം നിയമനത്തിന് കാലതാമസമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രണ്ടുവർഷത്തിനകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിക്കുകയും അത് ഒരു വർഷമാക്കി കുറച്ചുകൊണ്ടുവരാൻ കഴിയുമോയെന്നുള്ള കാര്യത്തിന്മേൽ പി.എസ്.സി.യുമായി ചർച്ച നടത്തുന്നതുമാണ്. നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നകാര്യം പി.എസ്.സി.യുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.പി.എസ്.സി.യിൽ ഏർപ്പെടുത്തിയിട്ടുള്ള വൺടൈം രജിസ്ട്രേഷൻ സൗകര്യം കൂടുതൽ വിപുലപ്പെടുത്താനും ഓൺലൈൻ പരീക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള സാധ്യതകൾ ആരായുന്നതാണ്. 25 ലക്ഷത്തിലധികം ഉദ്യോഗാർത്ഥികൾ പി.എസ്.സി.നിയമനത്തിനായി കാത്തിരിക്കുമ്പോൾ കുറ്റമറ്റ രീതിയിൽ സുതാര്യമായും വിവാദങ്ങൾക്ക് അതീതമായും പരാതിക്ക് ഇടനൽകാത്ത രീതിയിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. നിലവിലുള്ള ഒഴിവുകൾ നികത്തിയും ആവശ്യമെങ്കിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചും പി.എസ്.സി.യുടെ സുഗമമായ പ്രവർത്തനം സാധ്യമാക്കുന്നതാണ്. പരീക്ഷകളുടെ ബാഹുല്യംമൂലം നിയമനങ്ങൾക്ക് കാലതാമസം നേരിടുന്നുണ്ടെങ്കിൽപ്പോലും വിശ്വസനീയതയ്ക്ക് കോട്ടംതട്ടാത്ത വിധത്തിൽ വളരെ സ്തുത്യർഹമായ സേവനമാണ് പി.എസ്.സി. കാഴ്ചവയ്ക്കുന്നതെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

84(*722&724) <u>പോലീസ് സേനയിലെ സംഘടനാ പ്രവർത്തനം</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, പോലീസ് സംഘടനാ പ്രവർത്തനം സേനയുടെ അച്ചടക്കത്തിനും വിശ്വാസ്യതയ്ക്കും വിഘാതം വരാത്ത രീതിയിലായിരിക്കണം നടത്തിക്കൊണ്ടുപോകേണ്ടതെന്നും നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിഷ്പക്ഷമായ പ്രവർത്തനമാണ് പോലീസ് സേന നടത്തിവരുന്നതെന്നും സഭയെ അറിയിച്ചു. കണ്ണൂർ ജില്ലയിലെ മനോജ് വധക്കേസ്സുമായി ബന്ധപ്പെട്ട് പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സിന്റെ തുടരന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബോധിപ്പിച്ച പൊതുതാൽപര്യ ഹർജിയുടെ പരിഗണനാവേളയിൽ പോലീസ് സേനയിലെ സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വാക്കാലുള്ള പരാമർശം നടത്തിയിട്ടുണ്ട്. കേരളാ പോലീസ് ആക്ടിന്റെ 109-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി സംഘടനാ പ്രവർത്തനം നടത്തുന്നതിനോട് സർക്കാരിന് വിയോജിപ്പില്ലെങ്കിലും മറിച്ചുണ്ടാകുന്ന സന്ദർഭങ്ങളിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. പോലീസ് സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടാക്കിയതിന്റെ പേരിൽ കണ്ണൂരിൽ 22 സേനാംഗങ്ങളെ സസ്പെന്റ് ചെയ്യുകയും തിരുവനന്തപുരത്ത് ഏതാനും പേരുടെ പേരിൽ ഡിസ്പ്ലിനറി എൻക്വയറി നടത്താൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഗുരുതരമായ ക്രിമിനൽ കേസ്സിലുൾപ്പെട്ടിട്ടുള്ള സേനാംഗങ്ങളെ പ്രത്യേകം നിരീക്ഷിക്കുന്നതും നിർണ്ണായക സ്ഥാനങ്ങളിൽ നിയമനം നൽകുന്നതിൽനിന്നും ഇത്തരക്കാരെ ഒഴിവാക്കുന്നതുൾപ്പെടെയുള്ള നട

പടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംഘടനാ പ്രവർത്തനത്തിന്റെ മറവിൽ കള്ളക്കേസുണ്ടാക്കാനും സത്യസന്ധമായി നടക്കുന്ന കേസന്വേഷണം വഴിതിരിച്ചുവിടാനും ശ്രമിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. പോലീസ് സേനയിൽ ഒഴിവുള്ള ഡ്രൈവർ തസ്തികയിൽ പി.എസ്.സി. നിയമനം വൈകുന്ന സാഹചര്യത്തിൽ നിലവിലുള്ള കോൺസ്റ്റബിൾമാർക്ക് ഡ്രൈവർമാരായി ജോലിചെയ്യാമെന്നുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും പോലീസ് സേനയുടെ യൂണിഫോം അലവൻസ് 5,000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിപരമായ പരിഗണനയ്ക്കപ്പുറം കേസ്സുകളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും നിയമം അനുശാസിക്കുന്ന പ്രകാരവുമാണ് കേസ്സെടുക്കുന്നതെന്നും രാഷ്ട്രീയ ഇടപെടലുകൾക്കതീതമായി തികച്ചും നിഷ്പക്ഷവും നിയമവിധേയവുമായി ‘ഓപ്പറേഷൻ കുബേര’ മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്നും തീരദേശമേഖലയിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും തീവ്രവാദികളടക്കമുള്ളവരുടെ കടന്നുകയറ്റം ഒഴിവാക്കുന്നതിനുമായി രൂപംകൊടുത്തിട്ടുള്ള കടലോര ജാഗ്രതാ സമിതികളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെയും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി പത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾകൂടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

### 85(*723) <u>മത്സ്യത്തൊഴിലാളികൾക്കുള്ള സേവനങ്ങളുടെ പരിഷ്കരണം</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ബാബു) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ്, മത്സ്യബോർഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേന

യുള്ള വിവിധ ക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി നടപ്പാക്കുന്ന സംയോജിത മത്സ്യവികസന പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വായ്പയായി നൽകുന്നതുകൂടാതെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, മത്സ്യലേലം വർദ്ധിപ്പിക്കുന്നതിന് പ്രവർത്തന മൂലധനം, മത്സ്യത്തൊഴിലാളി പുരുഷൻമാർക്ക് മത്സ്യവിപണനം നടത്തുന്നതിനുള്ള ഇരുചക്രവാഹനവും പ്രവർത്തന മൂലധനവും, നാടൻ വള്ളങ്ങൾ നവീകരിക്കുന്നതിന് സബ്സിഡി, മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം, ധനകാര്യ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി, ചആഇഎഉഇ/ചങഉഎഇ എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള ടേം വായ്പകൾ, മൈക്രോഫൈനാൻസ് വായ്പ, പലിശരഹിത വായ്പകൾ എന്നിവയും നൽകിവരുന്നു. കൂടാതെ മത്സ്യബന്ധന ഉപകരണങ്ങളുടെ വിലയിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് ഒരു മത്സ്യബന്ധന ഗ്രൂപ്പിന് അനുവദിക്കാവുന്ന പരമാവധി വായ്പ പരിധി 15 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായും വ്യക്തിഗത വായ്പാ പരിധി 25,000/- രൂപയിൽ നിന്നും 2 ലക്ഷം രൂപയായും ചആഇഎഉഇ/ചങഉഎഇ എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള മൈക്രോഫിനാൻസ് വ്യക്തിഗത വായ്പാ പരിധി 20,000/- രൂപയിൽ നിന്നും 25,000/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആം ആദ്മി ബീമാ യോജന മത്സ്യത്തൊഴിലാളികൾക്ക് ബാധകമാക്കിയതിന്റെ ഭാഗമായി അപകട ഇൻഷ്വറൻസ് പരിരക്ഷ 2ക്ഷത്തിൽ നിന്നും 5 ലക്ഷം

രൂപയായും അപകടം സംഭവിക്കുന്ന സന്ദർഭങ്ങളിൽ 5,75,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. വാർദ്ധക്യകാല പെൻഷനുകൾ 400/- രൂപ യിൽ നിന്നും 500/- രൂപയായി വർദ്ധിപ്പിച്ചതോടൊപ്പം മാരക രോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി പരമാവധി 50,000/- രൂപയും നൽകി വരു ന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ എല്ലാ തരത്തിലുമുള്ള മത്സ്യബന്ധന ഉപ കരണങ്ങൾക്കും യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നതി നുള്ള പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ നടപ്പാ ക്കാൻ ഉദ്ദേശിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസക്കാലയളവിൽ നൽകിവരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി തുക 1800/- രൂപയിൽ നിന്നും 2700/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കുടിവെള്ളം, ശുചിത്വം, വൈദ്യുതി, ആ രോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തു ന്നതിന്റെ ഭാഗമായി കേരളസംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 114 കോടി രൂപയുടെ സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയും 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 44.27 കോടി രൂപയുടെ പദ്ധ തികളും നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടി ലുൾപ്പെടുത്തി 134.70 കോടി രൂപയുടെ പദ്ധതികളും 4.29 കോടി രൂപയുടെ കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ടക്ച്ചർ പദ്ധതികളും 75.10 കോടി രൂപ യുടെ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയും നടപ്പിലാക്കി വരുന്നു ണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ഗവൺമെന്റ് നൽകുന്ന ഭവന നിർമ്മാണ ഗ്രാന്റ് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. യു.പി.എസ്.സി., പി.

എസ്.സി., സിവിൽ സർവ്വീസ്, ബാങ്കിംഗ് തുടങ്ങി വിവിധ മത്സര പ രീക്ഷകളിൽ ഉന്നതവിജയം നേടുന്നതിനും വിഭിന്ന മേഖലകളിൽ തൊഴിൽ നേടുന്നതിനുമായി രാജീവ് ഗാന്ധി നോളജ് സെന്റർ ഫോർ കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്ന സ്ഥാപനം ആരംഭിക്കാനും നിലവിലുള്ള സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കുന്നതാണ്. കടലിൽവച്ച് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ധനസ ഹായം പത്തുലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉൾനാടൻ മേഖലയിൽ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് 'മത്സ്യസമൃദ്ധി' എന്ന പദ്ധതി നടപ്പാക്കുന്നതോടൊപ്പം ഭൂതത്താൻകെട്ടിൽ പുതിയ ഹാച്ചറി നിർമ്മിക്കുന്നതുമാണ്. മത്സ്യഫെഡിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന 113 ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണെന്നും നാവികസേന, ഷിപ്പ്യാർഡ് എന്നിവിടങ്ങളിൽനിന്നുള്ള ആർക്കിടെക്ടുമാരുടെ നേതൃത്വത്തിൽ രൂപരേഖ തയ്യാറാക്കുന്ന മുറയ്ക്ക് കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിന് മറൈൻ ആംബുലൻസ് സംവിധാനം എത്രയുംവേഗം ഏർപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 7556 മുതൽ 7836 വരെയുള്ള ചോദ്യങ്ങളിൽ 146 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി.)